# പത്രക്കുറിപ്പ്

## 8-ാംമത് ജൈവവൈവിധ്യ കോൺഗ്രസ്സ്

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗവൺമെന്റ്/ എയിഡഡ് വിദ്യാർത്ഥികൾക്കായുള്ള 8-ാംമത് ജൈവവൈവിധ്യ കോൺഗ്രസ്സ് ഒക്ടോബർ മാസം ജില്ലാതല മത്സരങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. യു.പി വിഭാഗത്തിന് "മണ്ണിലെ ജീവൻ" എന്നീ വിഷയത്തിലും, ഹൈസ്കൂൾ വിഭാഗത്തിന് "മണ്ണ് സംരക്ഷിക്കാം" എന്നീ വിഷയത്തിലും ഹയർസെക്കണ്ടറി വിഭാഗത്തിന് "എന്റെ നാട്ടിലെ മണ്ണ്" എന്നീ വിഷയത്തിലുമാണ് പ്രോജക്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

കുട്ടികൾ തയ്യാറാക്കിയ പ്രോജക്ടുകൾ പ്രധാനാദ്ധ്യാപകൻ/ പ്രിൻസിപ്പാൾ എന്നിവർ ഒക്ടോബർ 30നകം ശേഖരിച്ച് എറണാകുളം വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. സ്കൂൾ തലത്തിൽ ലഭിച്ച പ്രോജക്ടുകളുടെ മൂല്യനിർണ്ണയം, ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരായിട്ടുള്ളവരുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. ഇവയിൽ നിന്നും ഏറ്റവും മികച്ച 10 പ്രോജക്ടുകൾ ജില്ലാതലത്തിൽ അവതരിപ്പിക്കുവാൻ അവസരവും ഒരുക്കുന്നുണ്ട്.

ജില്ലാതലത്തിൽ പ്രോജക്ടുകൾ അവതരിപ്പിക്കുന്ന ദിവസം പെയിന്റിംഗ്, പോസ്റ്റർ രചന, കാർട്ടൂൺ, കഥ/കവിത രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നതാണ്.

ബന്ധപ്പെട്ട വിഷയത്തിൽ സംശയനിവാരണത്തിനും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി സംസ്ഥാനജൈവവൈവിധ്യ ബോർഡിന്റെ ഇ-മെയിൽ വിലാസമായ keralabiodiversity@gmail.com ലോ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലോ (0484- 2422227) സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ജില്ലാ കോ-ഓർഡിനേറ്ററുടെ മൊബൈൽ നമ്പറിലോ (8086266592) ബന്ധപ്പെടാവുന്നതാണ്. (Website: w.w.w.keralabiodiversity.com)

വിദ്യാഭ്യാസ ഉപഡയറക്ടർ,
എറണാകുളം.

ഡി.കെ/08.10

Scanned by CamScanner